# <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ്-ജീവനക്കാര്യം-സർക്കാർ കോളേജുകൾ-ലാബ് / ലൈബ്രറി / ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:C4/37153/2023/DCE (I)തിരുവനന്തപുരം തീയതി:29.11.2023

---

*പരാമർശം:*-1. OA No.859/2023 ലെ KAT യിൽ നിന്നുള്ള 27/07/2023,26/09/2023 തീയതികളിലെ ഇടക്കാല ഉത്തരവ്

2.സർക്കാർ ഉത്തരവ് (ആർ.ടി)നം.1601/2019/ഉ.വി.വ തീയതി 02/09/2019

3.സർക്കാർ ഉത്തരവ് (ആർ.ടി)നം.132/2020/ഉ.വി.വ തീയതി 25/01/2020

4.സർക്കാർ ഉത്തരവ് (ആർ.ടി)നം.409/2022/ഉ.വി.വ തീയതി 11/03/2022

5. കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി6/32029/2015/കോ.വി.വ തീയതി 26/04/2022

6.08/09/2016 തീയതിയായി പ്രസിദ്ധീകരിച്ച C4/20099/16/DCE നമ്പരായി സീനിയോറിറ്റി ലിസ്റ്റ്

7.സ.ഉ(സാ.ധാ)നം.450/2023/HEDN തീയതി 27/03/2023

8.സർക്കാർ കത്ത് നം.എഫ് 1/122/2023/ഉ.വി.വ തീയതി 04/08/2023

9.കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30/09/2023 ലെ സി4/24760/2022/DCE നം. ഉത്തരവ്

## <u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലാബ് / ലൈബ്രറി / ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ താഴെപ്പറയും പ്രകാരം 11 ഒഴിവുകൾ നിലവിലുണ്ട്.

| സ്ഥാപനത്തിൻറെ പേര് | ഒഴിവുകളുടെ എണ്ണം | ഒഴിവ് വിവരം |
|---|---|---|
| സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 4 | ശ്രീ.ബിനു.എസ്, ക്ലറിക്കൽ അസിസ്റ്റന്റിന് ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ നല്കിയ ഒഴിവ്<br>ശ്രീ.വിപിൻ കുമാർ.എസ്, ലാബ് അസിസ്റ്റന്റ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്<br>ശ്രീ.മണികണ്ഠൻ.എ, ലാബ് അസിസ്റ്റന്റ് മരണപ്പെട്ട ഒഴിവ്<br>ശ്രീ.ഇബ്രാഹിം.എം, ലാബ് അസിസ്റ്റന്റിന് സ്ഥലംമാറ്റം നല്കിയ ഒഴിവ് |
| ഗവ.കോളേജ്, കാര്യവട്ടം | 1 | ശ്രീ.വിവേക് കോയിലേരിയൻ, ലാബ് അസിസ്റ്റന്റ ന് സ്ഥലംമാറ്റം നല്കിയ ഒഴിവ് |
| ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം | 1 | ശ്രീ.സന്തോഷ് കുമാർ.സി, ലൈബ്രറി അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കുന്ന ഒഴിവ് (വകുപ്പിലേയ്ക്ക് തിരികെ വരുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ.അജിൽ കുമാർ.വി.എസ് നായി മാറ്റി വയ്ക്കുന്നു) |
| | | ശ്രീ.വിജയൻ.കെ, ലാബ് |

| | | |
|---|---|---|
| ഗവ.കോളേജ്, ചിറ്റൂർ | 3 | അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്<br>ശ്രീ.രഞ്ജിത്.ടി, ലാബ് അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്<br>ശ്രീ.സജീഷ്.കെ, ലാബ് അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ് |
| ഗവ.കോളേജ്, മങ്കട | 1 | ശ്രീമതി.നജില.എ.പി, ലൈബ്രറി അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കുന്ന ഒഴിവ് |
| എസ്.എൻ.ജി.എസ് പട്ടാമ്പി | 1 | ശ്രീമതി.അനിത കപ്പള്ളിമീത്തൽ, ലാബ് അസിസ്റ്റന്റിന് സ്ഥലംമാറ്റം നല്കുന്ന ഒഴിവ്<br>(വകുപ്പിലേയ്ക്ക് തിരികെ വരുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ.സുബീഷ്.പി.എസ് നായി മാറ്റി വയ്ക്കുന്നു) |

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ കോളേജുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അതാത് പ്രിൻസിപ്പാൾമാർ താത് ക്കാലിക അടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് നിയമിച്ച സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക് തസ്തികകളിൽ ജോലി ചെയ്തിരുന്നവരുടെ (19 പേർ) താത് ക്കാലിക നിയമനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർ ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ സീനിയോറിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് സർക്കാർ പരാമർശം (2) മുതൽ (4)വരെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ടി സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പരാമർശം (5) ഉത്തരവ് പ്രകാരം ടിയാന്മാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താത് ക്കാലികമായി ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ടി ജീവനക്കാരിൽ സേവനഭംഗം വന്ന 8 പേരുടെ ടി കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് പരാമർശം (7) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

തുടർന്ന് 08/09/2016 ലെ C4/20099/16/DCE നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ടി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരുടെ നിയമനം മുൻകാല പ്രബല്യത്തിൽ ക്രമീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പടുവിച്ചതിനാൽ ഇവർ ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ മുൻഗണനയ്ക്ക് അർഹതയുണ്ട്. എന്നാൽ KS&SSR റൂൾ 27 ബി പ്രകാരം ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയും KS&SSR റൂൾ 27 ബി യിലെ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി ജീവനക്കാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (8) പ്രകാരം സർക്കാർ അനുമതി ലഭ്യമാകയും ചെയ്തിരുന്നു.

KS&SSR റൂൾ 27 ബി യിലെ വ്യവസ്ഥകൾ പാലിക്കുന്നതിന്റെ ഭാഗമായി ടി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം താത്ക്കാലികമായി നിർണ്ണയിക്കുകയും പ്രസ്തുത സ്ഥാനനിർണ്ണയം ബാധിക്കുന്ന മറ്റ് ജീവനക്കാരിൽ നിന്ന് പരാതി സ്വീകരിക്കുകയും. അതിൻ പ്രകാരം നിരവധി പരാതികൾ ലഭിക്കുകയും അവരിൽ നേരിൽ കേൾക്കണമെന്നും/ഓൺലൈനായി കേൾക്കണമെന്നും ആവശ്യപ്പെട്ടവർക്കും സമയമനുവദിക്കുകയും ടി ജീവനക്കാരെ നേരിലും/ഓൺലൈനായും കേൾക്കുകയും ചെയ്തിരുന്നു.സമാന സ്വഭാവമുള്ള പരാതികളാണ് ടി ജീവനക്കാർ ഉന്നയിച്ചത്. മുൻകാല പ്രബല്യത്തോടെ താൽകാലിക നിയമനം ക്രമീകരിച്ചത് മൂലം ടിയാളുകളുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നതിലെ വിഷയങ്ങളാണ് പരാതിയിൽ പ്രധാനമായും സൂചിപ്പിച്ചിട്ടുള്ളത് ടി പരാതികളും ഇവർ നൽകിയ നിവേദങ്ങളും ഹിയറിംഗ് സമയത്ത് സമർപ്പിച്ച/ ഉന്നയിച്ച് വിഷയങ്ങളിൽ കഴമ്പില്ല മാത്രവുമല്ല ബഹു.കെ.എ.റ്റി യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവരുടെ താൽകാലിക നിയമനം മുൻകാല പ്രബല്യത്തോടെ ക്രമീകരിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. ബഹു.കെ.എ.റ്റി യുടെ ഈ തിരുമാനം

ബഹു.ഹൈക്കോടതിയും, സുപ്രീം കോടതിയും ശരിവെച്ചിട്ടുണ്ട്. കൂടാതെ ബഹു.കെ.എ.റ്റി ഇവർക്ക് അർഹതപ്പെട്ട ബൈ ട്രാൻസ്ഫർ നിയമനം അനുവദിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥനത്തിലും ടി ജീവനക്കാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് KS&SSR റൂൾ 27 ബി പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായ സാഹചര്യത്തിലും ടി സൂചിപ്പിച്ച 19 പേരെയും അവർ ആദ്യം ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണന സ്ഥാനം നല്കി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പരാമർശം (6) മുൻഗണന പട്ടികയിൽ അവർക്കർഹമായ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തി (പരാമർശം 9) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

ബഹു.കെ.എ.റ്റി യുടെ മേൽ പരാമർശം (1) ഉത്തരവ് നടപ്പിലാക്കുന്നതിനായി ജീവനക്കാർക്ക് അവരുടെ സീനീയോറിറ്റി അനുസരിച്ച് ലാബ് /ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അർഹമായ പ്രൊമോഷൻ നല്കേണ്ടതുണ്ട്. പരാമർശം (6) സീനിയോറിറ്റി ലിസ്റ്റിൽ നിലവിലിതുവരെ ക്രമനം.332 വരെ പ്രൊമോഷൻ നല്കിയിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ പരാമർശം (9) ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരിൽ ക്രമനം. 332 ന് മുകളിലുള്ള യോഗ്യരായ ജീവനക്കാർക്ക് ലാബ് / ലൈബ്രറി / ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 24400-55200 /- രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നല്കി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമനം. | പേര്, നിലവിലെ തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം | സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.ബീന.റ്റി.കെ<br>സാനിട്ടേഷൻ വർക്കർ<br>ഗവ.കോളേജ്<br>മടപ്പള്ളി | 91A | ഗവ.കോളേജ്, ചിറ്റൂർ<br>(ശ്രീ.വിജയൻ.കെ, ലാബ് അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്) |
| 2 | ശ്രീമതി.ലളിത.പി.കെ<br>സ്വീപ്പർ<br>ഗവ.കോളേജ്, മൊകേരി | 91B | ഗവ.കോളേജ്, ചിറ്റൂർ<br>(ശ്രീ.രഞ്ജിത്.ടി, ലാബ് അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്) |
| 3 | ശ്രീ.സുരേഷ്.ആർ.എം<br>സാനിട്ടേഷൻ വർക്കർ<br>ഗവ.കോളേജ് നാദാപുരം | 91C | ഗവ.കോളേജ്, ചിറ്റൂർ<br>(ശ്രീ.സജീഷ്.കെ, ലാബ് അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്) |
| 4 | ശ്രീമതി.ബിന്ദു.റ്റി<br>സാനിട്ടേഷൻ വർക്കർ<br>ഗവ.കോളേജ്<br>മടപ്പള്ളി | 92A | ഗവ.വിമെൻസ് കോളേജ്, തിരുവനന്തപുരം<br>(ശ്രീ.ബിനു.എസ്, ക്ലറിക്കൽ അസിസ്റ്റന്റിന് ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ നല്കിയ ഒഴിവ്) |

| | | | |
|---|---|---|---|
| 5 | ശ്രീമതി.അനില.കെ.എൻ<br>സ്വീപ്പർ<br>ഗവ.കോളേജ് മടപ്പള്ളി | 92B | ഗവ.വിമെൻസ് കോളേജ്, തിരുവനന്തപുരം (ശ്രീ.വിപിൻ കുമാർ.എസ്, ലാബ് അസിസ്റ്റന്റ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്) |
| 6 | ശ്രീമതി.ശ്രീജ.വി<br>സ്വീപ്പർ<br>ഗവ ആർട്സ്.കോളേജ്<br>തിരുവനന്തപുരം | 104D (ക്രമനം.104 A- വിരമിച്ചു 104B- പ്രൊമോഷൻ യോഗ്യത നേടിയിട്ടില്ല 104C- പ്രൊമോഷൻ യോഗ്യത നേടിയിട്ടില്ല) | ഗവ.വിമെൻസ് കോളേജ്, തിരുവനന്തപുരം (ശ്രീ.മണികണ്ഠൻ.എ, ലാബ് അസിസ്റ്റന്റ് മരണപ്പെട്ട ഒഴിവ്) |
| 7 | ശ്രീമതി.പാത്തുമ്മ.എം.ബി<br>കുക്ക്<br>എം.സി.ആർ.വി.ഹോസ്റ്റൽ<br>എറണാകുളം | 193A | ഗവ.വിമെൻസ് കോളേജ്, തിരുവനന്തപുരം (ശ്രീ.ഇബ്രാഹിം.എം, ലാബ് അസിസ്റ്റന്റിന് സ്ഥലംമാറ്റം നല്കിയ ഒഴിവ്) |
| 8 | ശ്രീമതി.സുജമോൾ.എൻ.കെ<br>സാനിട്ടേഷൻ വർക്കർ<br>എം.സി.ആർ.വി ഹോസ്റ്റൽ<br>എറണാകുളം | 204A | ഗവ.കോളേജ്, കാര്യവട്ടം (ശ്രീ.വിവേക് കോയിലേരിയൻ, ലാബ് അസിസ്റ്റന്റ ന് സ്ഥലംമാറ്റം നല്കിയ ഒഴിവ്) |
| 9 | ശ്രീമതി.നളിനി.പി.കെ<br>സാനിട്ടേഷൻ വർക്കർ<br>ഗവ.കോളേജ്, മലപ്പുറം | 291A | ഗവ.ആർട്സ് & സയൻസ് കോളേജ്, മങ്കട, മലപ്പുറം (ശ്രീമതി.നജില.എ.പി, ലൈബ്രറി അസിസ്റ്റന്റ് ന് സ്ഥലംമാറ്റം നല്കുന്ന ഒഴിവ്) |

സ്ഥാപനമേധാവികൾ വിടുതൽ/പ്രവേശനം എന്നിവയ്ക്ക് മുൻപ് ടി ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത (എസ്.എസ്.എൽ.സി വിജയം) ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**ഈ ഉത്തരവ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള OP(KAT)324/2018 യുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.**

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Approval Valid

Digitally Approved By
അസീം എ
Date: 29.11.2023
Reason: Approved

Sd/-
അസീം എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dirdce.colledn@kerala.gov.in